(സി) മലപ്പുറം ജില്ലയിലെ പൊന്നാനി കേന്ദ്രമാക്കി ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്" എന്ന സ്ഥാപനം നിലവിൽ പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രത്തിൽനിന്നും സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലനം നൽകി വരുന്നുണ്ട്. പുതിയ സെന്റർ ആരംഭിക്കാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിൽ സിവിൽ സർവ്വീസ് അക്കാദമി

105 (T.5187) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സിവിൽ സർവ്വീസ് അക്കാദമിക്ക് ഏതൊക്കെ സ്ഥലങ്ങളിൽ സെന്ററുകൾ ഉണ്ടെന്ന് പറയാമോ ;

(ബി) ഭാഷാ-മത-ന്യൂനപക്ഷങ്ങൾ ഏറെ താമസിക്കുന്ന കാസർഗോഡ് ജില്ലയ്ക്ക് സിവിൽ സർവ്വീസ് മേഖല അപ്രാപ്യമാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാസർഗോഡ് ജില്ലയിൽ കേരള സിവിൽ സർവ്വീസ് അക്കാദമിയുടെ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിക്ക് തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, ചെങ്ങന്നൂർ, കോന്നി എന്നിവിടങ്ങളിൽ നിലവിൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മൂവാറ്റുപുഴയിൽ കേന്ദ്രം ആരംഭിക്കുന്നതിനായി കെട്ടിട നിർമ്മാണം പൂർത്തിയായിവരുന്നു. ഇതുകൂടാതെ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി പൊന്നാനിയിൽ ആരംഭിച്ചിട്ടുള്ള "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് " ലും സിവിൽ സർവ്വീസ് പരിശീലന കോഴ്സുകൾ നടത്തിവരുന്നു.

(ബി) ഇതുസംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണയിലില്ല

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly